**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6009** **19.11.2019-ൽ മറുപടിക്ക്**

**നീതി സ്റ്റോറുകളിൽ ജോലി ചെയ്യുന്ന സെയിൽസ്മാൻമാർ**

**ചോദ്യം** **മറുപടി**

**ശ്രീ.എൻ. ഷംസുദ്ദീൻ** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടേയും/സംഘങ്ങളുടെയും കീഴിൽ പ്രവർത്തിച്ച വരുന്ന നീതി സ്റ്റോറുകളിൽ ജോലി ചെയ്യുന്ന സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | സഹകരണ ബാങ്കുകളുടെയും/സംഘങ്ങളുടെയും കീഴിൽ പ്രവർത്തിച്ച വരുന്ന നീതി സ്റ്റോറുകളിൽ ജോലി ചെയ്തു വരുന്ന 2 സെയിൽസ്മാൻമാരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:-<br>1. കെ.കെ.മാധവൻ, ചുഴലി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ.എൽ.134, കണ്ണൂർ.<br>2. എസ്. മിനിൽ കുമാർ, പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി.126, തിരുവനന്തപുരം. |
| (ബി) | സഹകരണ ചട്ടം അനുസരിച്ച് ഇവർക്ക് ഏതെല്ലാം തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കും എന്നത് വിശദമാക്കുമോ; ഇതുവരെ എത്രപേർക്ക് ഇതിൽ പ്രൊമോഷൻ ലഭിച്ച എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കും, തസ്തികകളും ഉൾപ്പെടെയുള്ള വിശദ വിവരം നൽകുമോ? | (ബി) | സഹകരണ ചട്ടമനുസരിച്ച് സഹകരണ ബാങ്കുകളുടെയും/സംഘങ്ങളുടെയും കീഴിൽ പ്രവർത്തിച്ച വരുന്ന സെയിൽസ്മാൻമാരിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും സഹകരണ പരിശീലനവും മൂന്നു വർഷത്തെ സേവനവും പൂർത്തിയാക്കിയവരിൽ നിന്നും ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് ചട്ടം 185(10) പ്രകാരം 1:4 എന്ന അനുപാതത്തിൽ പ്രൊമോഷൻ നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം പ്രൊമോഷൻ നൽകുന്നതിന് ബാങ്ക്/ സഹകരണ സംഘം എന്നിവ സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും പോഷകവിഭാഗം ഉപനിബന്ധന അംഗീകരിച്ച് വാങ്ങേണ്ടതാണ്. സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം സ്ഥിരം നിയമനം നൽകിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | കെ.കെ.മാധവൻ, ചുഴലി സർവീസ് സഹകരണ ബാങ്ക്, എസ്. മിനിൽ കുമാർ, പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് എന്നിവർക്ക് പ്രൊമോഷൻ നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**